പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1913 08.06.2018-ലെ മറുപടിക്ക്

# വാടകയ്ക്ക് എടുത്ത സ്കാനിയ ബസ്സുകൾ

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്
" വി.ഡി.സതീശൻ
" കെ.എസ്.ശബരീനാഥൻ
" സണ്ണി ജോസഫ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്തർ സംസ്ഥാന പാതകളിൽ സ്കാനിയ ബസ്സുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി. എടുത്ത തീരുമാനം ലാഭകരമായിരുന്നോ യെന്ന് വ്യക്തമാക്കാമോ; | (എ) | 10 സ്കാനിയ ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി 5 സർവ്വീസുകൾ നടത്തി വരുന്നു.<br>പ്രസ്തുത വാടക ബസുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ സുപ്രധാന അന്തർസംസ്ഥാന റൂട്ടുകളിൽ കൂടുതലായി ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രീമിയം ക്ലാസ് മൾട്ടി · ആക്സിൽ ലക്ഷ്വറി ബസ്സുകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ടെ ങ്കിലും നിലവിൽ കൂടുതൽ മുതൽ മുടക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള അത്തരം ബസ്സുകൾ നിരന്തരം അപകടത്തിൽപെട്ടും മറ്റും കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരത്തിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്തതിനാൽ ബസ്സുകളുടെ മുതൽ മുടക്കും വരുമാന നഷ്ടവും സർവ്വോപരി യാത്രക്കാർക്ക് എല്ലാ ദിവസവും സർവ്വീസ് ലഭ്യമാകാതെ വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നതിനാൽ കെ. എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം ഒഴിവാക്കി കൂടുതൽ വരുമാനം നേടുന്നതിനും പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായും അപകടരഹിതമായും കെ.എസ്.ആർ.ടി.സി.യ്ക്ക് മുതൽ മുടക്കില്ലാതെ |

<table>
<tr><td></td><td></td><td></td><td>യും കൂടുതൽ പ്രീമിയം ക്ലാസ് ലക്ഷ്വറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ടി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>ഏത് കമ്പനിയുമായാണ് കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിരുന്നതെന്നും ഇതിനകം കമ്പനിക്ക് കെ.എസ്.ആർ.ടി.സി. എത്ര തുക നൽകിയെന്നും 2017 നവംബർ മുതൽ 2018 മേയ് വരെ എത്ര തുക സർവ്വീസ് നടത്തിയതിലൂടെ ലഭ്യമായെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>M/s. Scania Commercial Vehicles Pvt. Ltd., M/s. Mahavoyage LLP എന്നീ സ്ഥാപനങ്ങളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.<br>4,48,98,531 രൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. 2017 നവംബർ മുതൽ 2018 മേയ് വരെ 8,77,29,889/- രൂപ ലഭിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കെ.എസ്.ആർ.ടി.സി. വിളിച്ച ടെൻഡറിൽ എത്ര കമ്പനികളാണ് പങ്കെടുത്തതെന്നും ടെൻഡർ നൽകിയ കമ്പനിക്ക് കിലോമീറ്ററിന് എത്ര രൂപയാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ;</td><td>(സി)</td><td>ഒരു കമ്പനിയാണ് പങ്കെടുത്തത്.<br>പ്രതി കിലോമീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് വാടക നൽകുന്നത്.
<table>
<tr><th>വാഹന ഉപയോഗം ഷെഡ്യൂൾ (കി.മീ.)</th><th>പ്രതി കി. മീ. വാടക (നികുതി പുറമെ)</th></tr>
<tr><td>800 & above</td><td>Rs. 23.00</td></tr>
<tr><td>750-799</td><td>Rs. 24.00</td></tr>
<tr><td>700-749</td><td>Rs. 25.50</td></tr>
<tr><td>650-699</td><td>Rs. 26.40</td></tr>
<tr><td>600-649</td><td>Rs. 27.72</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സ് വാടകയ്ക്ക് എടുക്കുവാൻ ഏർപ്പെട്ട കരാർ പുനപരിശോധിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>വിശദ പഠനത്തിനു ശേഷം തീരുമാനിക്കുന്നതാണ്.</td></tr>
</table>

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**